**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** — **11-10-2021 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി സേവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അശരണർക്കും ആലംബഹീനർക്കുമായി സർക്കാർ ആരംഭിക്കുന്ന വാതിൽപ്പടി സേവന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസമായി അവരുടെ വീട്ടുകളിൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാമരുന്നും എത്തിക്കുന്നതിനു വേണ്ടി രൂപം നൽകിയിട്ടുള്ളതാണ് വാതിൽപ്പടി സേവനം പദ്ധതി. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയകേന്ദ്രങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനെ നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്; പ്രസ്തുത മേഖലയിൽ ഈ സേവനം എത്ര പേർക്കാണ് ലഭിക്കുന്നതെന്നറിയുമോ; | (ബി) | പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 50തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് (38 ഗ്രാമ പഞ്ചായത്തുകളിലും 12നഗരസഭ കളിലും) ആരംഭിച്ചിട്ടുള്ളത്. പ്രാരംഭ ഘട്ടത്തിൽ ആകെ 29392 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി സഹകരിക്കുവാൻ തത്പരരായ എത്ര സന്നദ്ധ പ്രവർത്തകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; ഇവരുടെ തെരഞ്ഞെടുപ്പിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | വാതിൽപ്പടി സേവന പദ്ധതിയ്ക്കു വേണ്ടി ഇതുവരെ ആകെ 3771 പേരാണ് സാമൂഹിക സന്നദ്ധസേനയുടെ www.sannadhasena.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളിയാവാൻ സന്നദ്ധതയും അനുകമ്പയുമുള്ള 50 വയസ്സിന് താഴെയുള്ള ആർക്കും |

| | | | |
|---|---|---|---|
| | | | സാമൂഹിക സന്നദ്ധസേനയുടെ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത വോളന്റീയർമാരിൽ നിന്നും കില നടത്തിയ പരിശീലനം വിജയകരമായി പൂർത്തീകരിച്ചവരെ തെരെഞ്ഞെടുക്കുവാനും അവരുടെ പ്രാഥമിക പോലീസ് വെരിഫിക്കേഷൻ നടത്തി അതാത് വാർഡുകളിൽ വിന്യസിക്കുവാനുമാണ് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഡി) | തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകർക്ക് സർക്കാർ സേവനങ്ങളെ സംബന്ധിച്ച് പരിശീലനം നൽകുമോ; ഇവരുടെ പ്രവർത്തനങ്ങൾ സുതാര്യവും പക്ഷപാത രഹിതവുമാണെന്ന് ഉറപ്പുവരുത്തുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തുമോയെന്ന് അറിയിക്കാമോ? | (ഡി) | വാതിൽപ്പടി സേവന പദ്ധതിയ്ക്ക വേണ്ടി സന്നദ്ധപ്രവർത്തകരെ സജ്ജരാക്കുന്നതിലേക്കായി പദ്ധതി സംബന്ധിച്ച വിവിധ വിഷയങ്ങളിൽ കില പരിശീലനം നൽകിയിട്ടുണ്ട്. തുടർ പരിശീലന പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം നൽകി വാർഡുകളിൽ വിന്യസിക്കപ്പെടുന്ന സന്നദ്ധപ്രവർത്തകരുടെ പ്രവർത്തനങ്ങൾ സുതാര്യവും പക്ഷപാത രഹിതവുമാണെന്ന് ഉറപ്പുവരുത്തുവാൻ വാർഡ് തലത്തിലും തദ്ദേശ സ്ഥാപനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റി സംവിധാനത്തിലൂടെ സാധിക്കുന്നതാണ്. കമ്മിറ്റികളുടെ ഫലപ്രദമായ മേൽനോട്ടം സാധ്യമാക്കുന്നതിനായി ഓരോ ഗുണഭോക്താവിനും ആവശ്യമുള്ള സേവനത്തിന്റെയും സേവനം നൽകിയതിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്താവുന്ന ഐഡന്റിറ്റി കം മോണിറ്ററിംഗ് കാർഡ് നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ സുതാര്യവും ഫലപ്രദവുമായ നിർവഹണം ഉറപ്പ് വരുത്തുന്നതിനായി സാമ്പത്തിക വിഷയങ്ങളിലുൾപ്പെടെ സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ